# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2039 — 07.03.2017 — ൽ മറുപടിക്ക്

## റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>,, കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖല യിലൂടെയുള്ള റേഷൻ വിതരണത്തിനായി തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടികയിൽ വ്യാപകമായി അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ക്രമക്കേട് ഒഴിവാക്കാൻ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുവാൻ റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20.10.2016-ന് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയിൽ ആക്ഷേപമോ/പരാതികളോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റികളിലും നൽകുവാനായി അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റികളിൽ പരാതിയുള്ള പക്ഷം അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകുവാൻ അവസരം നൽകി യിരുന്നു. പരാതിക്കാരെ നേർക്കാഴ്ചയ്ക്ക് വിളിക്കുകയും അടിസ്ഥാന രേഖകൾ പരിശോധിക്കുകയും ചെയ്ത് പട്ടികയിൽ മാറ്റം വരുത്തുകയും, അന്തിമ പട്ടികയ്ക്ക് ഗ്രാമസഭയുടെ അംഗീകാരത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്ക് 10.02.2017-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പട്ടിക അംഗീകരിച്ച് തിരികെ ലഭ്യമായ ഉടൻ തന്നെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കു ന്നതാണ്. 2017 മാർച്ച് മാസത്തോടെ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനർഹർ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അക്കാര്യം പുനഃപരിശോധിക്കുന്നതിനുള്ള നടപടികളും ആലോചിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വില നിയന്ത്രണ അതോറിറ്റി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | വിലനിയന്ത്രണ സെൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ വിലനിയന്ത്രണ അതോറിറ്റിയുടെ പ്രവർത്തനവും ഇടപെടലും കാര്യക്ഷമമല്ല എന്ന ആക്ഷേപം പരിഹരിക്കാൻ എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | വിലനിയന്ത്രണത്തിനായി ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ ഒരു സെൽ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്താൽ സംസ്ഥാനത്തെയും സംസ്ഥാനത്തിന് വെളിയിലേയും വില നിലവാരം മുൻകൂട്ടി മനസ്സിലാക്കി വിപണി ഇടപെടലിന് വേണ്ട ഫലപ്രദമായ സംവിധാനം സാധ്യമാക്കും. |

*സെക്ഷൻ ഓഫീസർ*